**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 583** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി ബാങ്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ട്.

**(ബി)** പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ആലോചനയുണ്ടോ;

**<u>മറുപടി:</u>** സഹകരണ സംഘങ്ങൾ /ബാങ്കുകൾ എന്നിവയുടെ നിഷ്ക്രിയ ആസ്തി കുറച്ച്, സഹകാരികളുടെ വിശ്വാസ്യത ആർജിക്കുന്നതിനും അതുവഴി സഹകരണ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ആശ്വാസ് 2026 പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളെ സാമ്പത്തിക അഴിമതി /ക്രമക്കേടുകൾ, അധികാര ദുർവിനിയോഗം, പണാപഹരണം എന്നിവയിൽ നിന്നും മുക്തമാക്കുന്നതിനായി സഹകരണ വിജിലൻസ് അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനും, ഓഡിറ്റിങ് ശക്തിപ്പെടുത്തുന്നതിനും, സർചാർജ് നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ സഹകരണ മേഖലയിൽ പൊതു -സഹകരണ പങ്കാളിത്ത മാതൃകയിൽ പ്രോജക്റ്റുകൾ ആരംഭിക്കുന്നതിനുള്ള പഠനം നടത്തുന്നതും ആലോചനയിലുണ്ട്.

കൂടാതെ 100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ, ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിനുള്ള ധനസഹായം, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഓൺലൈൻ പോർട്ടൽ (Risk fund Board Portal), മെമ്പർ റിലീഫ് ഫണ്ട് പോർട്ടൽ (MRF Portal) എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്.

**(സി)** സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾ പലതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 2024-2025 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള 931 പ്രാഥമിക സഹകരണ സംഘങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

**സെക്ഷൻ ഓഫീസർ**